പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2896 18.06.2018-ലെ മറുപടിക്ക്

"പട്ടയം കൊടുക്കുന്നതിന്റെ ഭാഗമായുള്ള സർവ്വെ നടപടികളുടെ സ്ഥിതി"

ചോദ്യം

ശ്രീ.കെ.ഡി.പ്രസേനൻ

മറുപടി

ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി-II വില്ലേജിലെ മിച്ചഭൂമി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിന്റെ ഭാഗമായുള്ള സർവ്വെ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ആലത്തൂർ താലൂക്ക് കിഴക്കഞ്ചേരി -II വില്ലേജിലെ സർവ്വെ നിലവിൽ 339 ഫീൽഡ് ഉൾക്കൊള്ളുന്ന 304.5406 ഹെക്ടർ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 631.7530 ഹെക്ടർ സർവ്വെ ചെയ്യാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന ഭൂമിയുടെ സർവ്വെ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ച് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 05/06/2018-ൽ കൂടിയ യോഗം ചർച്ച ചെയ്തു. തർക്കവിഷയമായ ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിന് ഒരു സർവ്വെ സൂപ്രണ്ട് ഉൾപ്പെടെ 30 പേരടങ്ങുന്ന സർവ്വെ ടീമിനെ നിയോഗിക്കുവാനും ആയതിന്റെ പ്രവർത്തന പുരോഗതി ജില്ലാകളക്ടർ അടിയ്ക്കടി വിലയിരുത്തി സർവ്വെ നടപടികൾ 2018 നവംബർ 30 നകം പൂർത്തീകരിച്ച് ആയതനുസരിച്ച് പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | റവന്യൂ വകുപ്പിന്റെ സർവ്വെയുമായി സഹകരിക്കുന്ന കുടുംബങ്ങൾക്ക് ഉടൻ പട്ടയം നൽകാൻ തയ്യാറാകുമോ എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ